E 2352 (Pages : 2) Reg. No....................................

Name.......................................

# B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2015

## First Semester

Additional Language—Malayalam

## കഥ, നോവൽ

(2013 Admission onwards)

Time : Three Hours Maximum : 80 Marks

### പാർട്ട് എ

ഒരു വാക്യത്തിലോ വാക്കിലോ ഉത്തരമെഴുതുക.

1. എം.ടി.യുടെ 'ആൾക്കൂട്ടത്തിൽ തനിയെ' ഏത് വിഭാഗത്തിൽപെടുന്ന കൃതിയാണ് ?
2. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച വി.കെ.എൻ. നോവൽ ഏത് ?
3. ധർമ്മപുരാണം ആരുടെ നോവലാണ് ?
4. എതിർപ്പ് ആരുടെ ആത്മകഥയാണ് ?
5. 'കിറുക്കന്മാർക്ക് പ്രവേശനമില്ല' എന്ന വാക്യത്തിൽ അവസാനിക്കുന്ന കഥയേത് ?
6. കുഞ്ഞുണ്ണി ഏത് നോവലിലെ കഥാപാത്രമാണ് ?
7. ഗുസ്തി ആരുടെ കഥയാണ് ?
8. ഗുജറാത്ത് കലാപത്തിൻെറ പശ്ചാത്തലത്തിൽ എൻ.എസ്. മാധവൻ എഴുതിയ കഥ ഏത് ?
9. പയ്യൻ ആരുടെ കഥാപാത്രമാണ് ?
10. ഉഷ്ണമേഖല എന്ന നോവൽ ആരുടേതാണ് ?

(10 × 1 = 10)

### പാർട്ട് ബി

11. ബാധയെക്കുറിച്ച് ചെറുപ്പക്കാരൻ ജ്യോതിഷിയോട് പറഞ്ഞതെന്ത് ?
12. നവോത്ഥാന കഥകളുടെ പ്രത്യേകതകൾ എഴുതുക.
13. "കനലാഴി കൂട്ടി അതില് ചാടാൻ പറഞ്ഞു"—കാരണമെഴുതുക.
14. "അച്ചടിയാണ് എഴുത്തുകാരൻെറ അവസാനത്തെ കുരുക്ക്. അച്ചും കറുത്ത മഷിയുമാണ് അവൻെറ അന്തിമ വിധിയുടെ പ്രതീകങ്ങൾ"—ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?
15. "ഗ്രാമവാസികളിൽനിന്ന് അവരുടെ ജീവനും ചൈതന്യവും വാർന്നുപോയി"—വിശദമാക്കുക.
16. തിരുമനസ്സുകൊണ്ട് എന്ന കഥയിലെ നമ്പൂതിരിപ്പാടിനെ പരിചയപ്പെടുത്തുക.

Turn over

17. "സ്വപ്നങ്ങൾ കാണുവാൻ ഇടയില്ലാത്ത ഉറക്കത്തിലേക്ക് അവൻ തെന്നിവീണു. പ്രാർത്ഥന കഴിഞ്ഞു കന്യാസ്ത്രീകളും ഉറങ്ങുവാൻ കിടന്നു"—സന്ദർഭം വ്യക്തമാക്കുക.

18. ജീവിതവും പ്രണയവും ഇടകലരുന്ന മനുഷ്യാവസ്ഥയുടെ ചിത്രീകരണമാണ് വാനപ്രസ്ഥം എന്ന കഥ —വിശദമാക്കുക.

19. ആധുനിക കഥകളുടെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക.

20. കാളിയമർദ്ദനം ഒരു രാഷ്ട്രീയ കഥയാണോ—അഭിപ്രായമെഴുതുക.

21. സാറാ ജോസഫിൻെറ പ്രധാന കൃതികളെ പരിചയപ്പെടുത്തുക.

22. ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും എന്ന കഥയുടെ പ്രമേയം വിശകലനം ചെയ്യുക.

(8 × 2 = 16)

## പാർട്ട് സി

**ഒരു പുറത്തിൽ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

23. 'കാടു കയറുന്ന പൂർവ്വികർ' എന്ന കഥയിലൂടെ തെളിഞ്ഞു വരുന്ന ജീവിത ദർശനമെന്ത് ?

24. ഗുസ്തിയിലെ ചെറുപ്പക്കാരൻ കൊല ചെയ്യപ്പെടുന്നതെങ്ങനെ ?

25. ഗുരു സാഗരത്തിലെ പ്രകൃതി ദർശനം വിലയിരുത്തുക.

26. കല ഒരു തരം ട്രപ്പീസ് വിദ്യയാണെന്നു പറയുന്നതെന്തുകൊണ്ട് ?

27. "ഒരു ഇടിവാൾ മാതിരിയാണ് ആ വൃത്താന്തം ഗ്രാമത്തിന് മേൽ വീണത് "—വൃത്താന്തം എന്തായിരുന്നു ?

28. പയ്യൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

29. "പിറ്റേന്ന്, നവംബർ നാലിനു കർഫ്യൂ പ്രഖ്യാപിച്ചു. അന്ന് അന്തേവാസികൾ കിടക്കയിൽത്തന്നെ കിടന്നു" —കർഫ്യൂവിൻെറ കാരണമെന്തായിരുന്നു ?

30. സുസ്മേഷ് ചന്ത്രോത്തിൻെറ ആഖ്യാനരീതികൾ വിലയിരുത്തുക.

31. യുദ്ധം ഗുരുസാഗരത്തിൽ എപ്രകാരം ചിത്രീകരിക്കുന്നു ?

(6 × 4 = 24)

## പാർട്ട് ഡി

**നാലു പുറത്തിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.**

32. ആധുനിക കഥകൾ അവതരിപ്പിച്ച ജീവിത ദർശനം പാഠഭാഗത്തിലെ കഥകളെ ആസ്പദമാക്കി വിലയിരുത്തുക.

**അല്ലെങ്കിൽ**

33. ആന്തരികവ്യഥയും ആത്മീയതയും നിറഞ്ഞ രചനയാണ് ഗുരുസാഗരം—വ്യക്തമാക്കുക.

34. തകഴി, ദേവ്, എം.ടി. എന്നിവരുടെ കഥാലോകം വിമർശനാത്മകമായി വിലയിരുത്തുക.

**അല്ലെങ്കിൽ**

35. സ്ത്രീപക്ഷ രചനയുടെ ഉത്തമോദാഹരണമാണ് സാറാജോസഫിൻെറ രചനകൾ—വിശദമാക്കുക.

(2 × 15 = 30)